പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1922 08.06.2018-ലെ മറുപടിക്ക്

**മിന്നൽ സർവ്വീസിന് മുക്കത്ത് സ്റ്റോപ്പ്**

ചോദ്യം

ശ്രീ. ജോർജ് എം. തോമസ്

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വയനാട്ടിൽ നിന്നും തിരുവനന്തപുരത്തേക്ക് സർവ്വീസ് നടത്തുന്ന മിന്നൽ കെ.എസ്.ആർ.ടി.സി. ബസ്സിന് മുക്കത്ത് സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിലെ പ്രധാന കേന്ദ്രമായ മുക്കത്ത് മിന്നൽ സർവ്വീസിന് സ്റ്റോപ്പ് അനുവദിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കാമോ? | (ബി) | സ്റ്റോപ്പുകളുടെ എണ്ണം പരിമിതപ്പെടുത്തി സമയനിഷ്ഠ പാലിക്കുന്ന വിധത്തിൽ ഒരു പ്രത്യേക സർവ്വീസ് ആയിട്ടാണ് മിന്നൽ സർവ്വീസുകൾ ആരംഭിച്ചത്. സ്റ്റോപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സമയനിഷ്ഠ പാലിക്കുന്നതിന് തടസ്സമാകും എന്നതിനാലും ഈ പ്രത്യേക സർവ്വീസിന്റെ പ്രസക്തി തന്നെ നഷ്ടപ്പെടുത്തും എന്നതിനാലും കോഴിക്കോട് ജില്ലയിൽ മുക്കം എന്ന സ്ഥലത്ത് സ്റ്റോപ്പ് അനുവദിക്കുവാൻ നിർവ്വാഹമില്ല. |

**സെക്ഷൻ ഓഫീസർ**